നെൽകർഷകർക്ക് സബ്സിഡി

96 [1228] ശ്രീ. യു. സി. രാമൻ:
" സി. മമ്മൂട്ടി:
" കെ. എൻ. എ. ഖാദർ:
" ടി. പി. എം. സാഹിർ:
" ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകർഷകർക്ക് നൽകുന്ന സബ്സിഡി അപര്യാപ്ത മാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള കീടനാശിനികൾ

97 [1229] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗം നിരോധിച്ചിട്ടുള്ള കീടനാശിനികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഉപയോഗം നിരോധിച്ചിട്ടുള്ള കീടനാശിനികൾ സംസ്ഥാനത്ത് ഉപയോഗിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എൻഡോസൾഫാൻ ഉപയോഗം നിരോധിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) എൻഡോസൾഫാൻ ഉപയോഗിക്കുന്നതുമൂലം മനുഷ്യർക്കും മൃഗങ്ങൾക്കും ഉണ്ടാകുന്ന ദോഷങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1. എൻഡോസൾഫാൻ (കോടതി വിധിപ്രകാരം)
2. ആൽഡ്രിൻ
3. കാൽസ്യം സൈനൈഡ്
4. ക്ലോർഡെയിൻ
5. കോപ്പർ അസറ്റോർസെന്റി

LIBRARY ARCHIVES Kerala Legislative Assembly

6. ഡൈക്ലോളോറോ പ്രൊപെയിൻസ്
7. എൻഡ്രിൻ
8. ഈതൈയിൻ മെർക്കുറി ക്ലോറൈഡ്
9. ഈതൈയിൻ പാരത്തയോൺ
10. ഹെപ്ടാക്ലോർ
11. മെനാമർ
12. നിക്കോട്ടിൻ സൾഫൈറ്റ്
13. നൈഡ്രോഫോൺ
14. പെന്റാക്ലോറോ നൈട്രോബെൻസിൽ
15. പെന്റാക്ലോറോ ഫീനോൾ
16. ഫീനൈൽ മെർക്കുറി അസറ്റേറ്റ്
17. സോഡിയം മീതൈൽ ആഴ്സനേറ്റ്
18. ടെട്രാഡിഫോൺ
19. ടോക്സാഫിൻ
20. ബി.എച്ച്.സി.
21. പാരക്വേറ്റ് ഡൈമീതൈൽ സൽഫേറ്റ്

(ബി) ഇല്ല.

(സി) നേരത്തെ മൂന്നു മാസത്തേയ്ക്ക് നിരോധിച്ചിരുന്നു. മൂന്നു മാസത്തിൽ കൂടുതൽ നിരോധിക്കാൻ സർക്കാരിന് അധികാരമില്ലാത്തതിനാൽ പിൻവലിച്ചു. ഏരിയൽ സ്പ്രേ നിരോധിച്ചിട്ടുണ്ട്. എന്നാൽ ബഹു. കേരളാ ഹൈക്കോടതി എൻഡോസൾഫാനും അതിന്റെ എല്ലാ വക ചേരുവകളും സംസ്ഥാനത്ത് കേന്ദ്രഗവൺമെന്റ് തീരുമാനിക്കുന്നതുവരെ നിരോധിച്ചിട്ടുണ്ട്. ഈ തീരുമാനം വന്നാലും ബാധിക്കപ്പെട്ട കക്ഷികൾ കോടതിയെ സമീപിച്ച് സ്റ്റേ നീക്കണം എന്നാണ് ഉത്തരവ്.

(ഡി) വിവിധ മാധ്യമങ്ങളിൽ കൂടിയും സന്നദ്ധ സംഘടനകളിൽ കൂടിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 6-1-2003-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 58/2003/എച്ച്.എഫ്.ഡബ്ല്യു.ഡി. ഉത്തരവിൻപ്രകാരം പെരിയ എസ്റ്റേറ്റിലെ രോഗകാരണവും അതിന്റേതായ പ്രശ്നങ്ങൾക്കുള്ള യഥാർത്ഥ കാരണങ്ങളും നിവാരണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചു പഠിക്കുവാൻ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. പി. കെ. ശിവരാമൻ അദ്ധ്യക്ഷനായുള്ള സമിതിയെ സംസ്ഥാന ആരോഗ്യ വകുപ്പ് നിയമിക്കുകയും പ്രസ്തുത സമിതി പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly